സ്കാനിങ് എന്നിവയുടെ ഫീസുമായി ബന്ധപ്പെട്ട് പ്രതിസന്ധിയുണ്ടാകുന്നില്ല. ഗവൺമെന്റിന്റെ പരിഗണനയിലുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ സ്വകാര്യ ലബോറട്ടറികളിലെ പരിശോധനാ ഫീസിന് മാനദണ്ഡങ്ങൾ കൊണ്ടുവരാനാകുന്നതാണ്.

(ഡി) കൂടുതൽ കാരുണ്യ സെന്ററുകൾ ആരംഭിക്കുന്നതും സ്കാനിങ്ങും ലാബ് പരിശോധനകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ആക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ കെ.എം.എസ്.സി.എൽ.-ന് കീഴിൽ 33 (പമ്പ, ശബരിമല സന്നിധാനം ഉൾപ്പെടെ) കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. തൈക്കാട്, പെരുമ്പാവൂർ, നോർത്ത് പരവൂർ, വർക്കല, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ഇവ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

അങ്കമാലി താലൂക്ക് ആശുപത്രി

50 (3481) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരക്കണക്കിന് രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായെത്തുന്ന അങ്കമാലി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ട് 4 വർഷം കഴിഞ്ഞിട്ടും ഡോക്ടർ, നേഴ്സ്, മറ്റ് ജീവനക്കാർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുവാനും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിച്ച നിരവധി നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സൗകര്യങ്ങൾ എന്നത്തേക്ക് ഏർപ്പെടുത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 26-2-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 129/2011/ആ.ക.വ. എന്ന ഉത്തരവ് പ്രകാരം 2 ജൂനിയർ കൺസൾട്ടന്റ്, രണ്ട് അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

ഫാർമസി സ്റ്റോർ റൂം, ഒ.പി.ബ്ലോക്ക് എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടില്ല.

(സി) പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പകർച്ചവ്യാധികൾ തടയാൻ ജീവനക്കാരും മരുന്നും

51 (3482) ശ്രീ. ടി. യു. കുരുവിള :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുവാൻ സർക്കാർ ആശുപത്രി കളിൽ മതിയായ ജീവനക്കാരും മരുന്നും ഉണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രത്യേക മോണിറ്ററിംഗ് സെൽ ജില്ലാ തലങ്ങളിൽ രൂപീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അവലോകനം ചെയ്യുവാനും പ്രത്യേക മോണിറ്ററിംഗ് സെൽ (ജില്ലാ പൊതുജനാരോഗ്യ ടീം) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പകർച്ച വ്യാധികളുണ്ടാവുമ്പോൾ ഉടൻതന്നെ മരുന്നും ചികിത്സയും ഡോക്ടർമാരുടെ ലഭ്യതയും ഉറപ്പാക്കൽ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ തുടങ്ങിയവ ഇതുവഴി ഉറപ്പാക്കുന്നു. ഇതുകൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും 24x7 കൺട്രോൾ റൂം രൂപീകരിച്ച് പകർച്ചവ്യാധി റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അടിയന്തര നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ അതാത് സ്ഥാപനങ്ങൾക്ക് നൽകുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly